Santhigiri

# ഉമ്മിണിതങ്കം

VOL 03 | ISSUE 55 | 2017 ഡിസംബർ 24 | 1193 ധനു 09

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ


**ഗുരുവാണി**

"ജീവിതംകൊണ്ട് പഠിച്ചവരെ കണ്ടുപഠിക്കുക. അല്ലെങ്കിൽ അതനുസരിക്കുക. അതല്ലേ ഗുരുശിഷ്യബന്ധത്തിന്റെ മാർഗം. ഇത്രയും സൂക്ഷിച്ചുപഠിച്ചാൽ നിങ്ങൾക്ക് നിങ്ങളെയും ലോകർക്ക് ലോകരെയും സൂക്ഷിക്കാനുള്ള കാര്യമായി."

# പൂജിതപീഠം സമർപ്പണം: ഗൃഹസന്ദർശന പരിപാടികൾ ഊർജ്ജിതം

## സന്ന്യാസിസന്ന്യാസിനിമാർ നേതൃത്വം നല്കുന്നു

**സ്പിരിച്വൽ സോൺ:** പൂജിതപീഠം സമർപ്പണം ആഘോഷത്തിനു മുന്നോടിയായി നടക്കുന്ന ഗൃഹസന്ദർശന പരിപാടികൾ ഊർജ്ജിതമായി. സന്ന്യാസിസന്ന്യാസിനിമാരാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നത്. സംസ്ഥാനത്തെ വിവിധ ഏരിയകളിലും രാജ്യത്തെ വിവിധ കേന്ദ്രങ്ങളിലുമാണ് ഗൃഹസന്ദർശന പരിപാടി നടന്നുവരുന്നത്.



*ഗൃഹസന്ദർശന പരിപാടിയിൽ നിന്ന്*

നെയ്യാറ്റിൻകര, തിരുവനന്തപുരം (സിറ്റി) എന്നീ ഏരിയകളിൽ സ്വാമി ജനതീർത്ഥൻ ജ്ഞാനതപസ്വിയും ആറ്റിങ്ങൽ ഏരിയയിൽ സ്വാമി ജനമോഹനൻ ജ്ഞാനതപസ്വിയും നെടുമങ്ങാട് സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വിയുമാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നത്. കൊല്ലം ഏരിയയിൽ കോഡിനേറ്റർ കെ.പി മനോജ് കുമാറും കൊട്ടാരക്കര, കരുനാഗപ്പള്ളി എന്നിവിടങ്ങളിൽ സ്വാമി ഭാസുര ജ്ഞാനതപസ്വിയും പത്തനംതിട്ടയിൽ സ്വാമി ചിത്തശുദ്ധൻ ജ്ഞാനതപസ്വിയും ഹരിപ്പാട് സ്വാമി ജയപ്രിയൻ ജ്ഞാനതപസ്വിയും ആലപ്പുഴ, പള്ളുരുത്തി എന്നിവിടങ്ങളിൽ കോഡിനേറ്റർ എസ്. വിവേകും ചേർത്തലയിൽ ജനനി അഭേദ ജ്ഞാനതപസ്വിനിയും ഗൃഹസന്ദർശനത്തിന് നേതൃത്വം നല്കുന്നു. തൂക്കുപാലത്ത് സ്വാമി ജനപുഷ്പൻ ജ്ഞാനതപസ്വിയും കുമളിയിൽ കോഡിനേറ്റർ പി.എം. ബിജുമോനും കോട്ടയത്ത് സ്വാമി സായൂജ്യനാഥ് ജ്ഞാനതപസ്വിയും വൈക്കത്ത് സ്വാമി ശരണ്യപ്രകാശ ജ്ഞാനതപസ്വിയും എറണാകുളത്ത് (സിറ്റി) ജനനി വിജയ ജ്ഞാനതപസ്വിനിയും ഗൃഹസന്ദർശനം നടത്തുന്നു. തൃശൂരിൽ സ്വാമി ജ്യോതിചന്ദ്രൻ ജ്ഞാനതപസ്വിയും പാലക്കാട് സ്വാമി മധുശ്രീ ജ്ഞാനതപസ്വിയും മലപ്പുറം, മൂവാറ്റുപുഴ എന്നിവിടങ്ങളിൽ സ്വാമി മനുചിത്ത് ജ്ഞാനതപസ്വിയും ഗൃഹസന്ദർശന പരിപാടികൾക്ക് നേതൃത്വം നല്കുന്നു. കോഴിക്കോട്, കാസർഗോഡ് എന്നിവിടങ്ങളിൽ കോഡിനേറ്റർ ജി. ഹരികൃഷ്ണനും വടകരയിൽ സ്വാമി ചന്ദ്രദീപ്തൻ ജ്ഞാനതപസ്വിയും കൊയിലാണ്ടി, കണ്ണൂർ എന്നിവിടങ്ങളിൽ കോഡിനേറ്റർ എം.വി. ശ്രീജിത്തും തലശേരിയിൽ സ്വാമി മധുരനാദൻ ജ്ഞാനതപസ്വിയുമാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നത്.

സംസ്ഥാനത്തിനു പുറത്ത് ചെന്നൈയിൽ സ്വാമി സ്നേഹാത്മ ജ്ഞാനതപസ്വി, കോയമ്പത്തൂർ സ്വാമി ഭക്തദത്തൻ ജ്ഞാനതപസ്വി, കന്യാകുമാരി സ്വാമി മുക്തചിത്ത ജ്ഞാനതപസ്വി, മധുരയിൽ സ്വാമി അർച്ചിത് ജ്ഞാനതപസ്വി, ബാംഗളൂർ, മൈസൂർ എന്നിവിടങ്ങളിൽ സ്വാമി ആനന്ദജ്യോതി ജ്ഞാനതപസ്വി, ഹൈദരാബാദിൽ സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി, മുംബൈയിൽ സ്വാമി ജനനന്മ ജ്ഞാനതപസ്വി,ഡെൽഹിയിൽ സ്വാമി പത്മപ്രകാശ ജ്ഞാനതപസ്വി എന്നിവർ പൂജിതപീഠം സമർപ്പണാഘോഷത്തോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നു.

ഗൃഹസന്ദർശനത്തെ തുടർന്ന് 'ഗൃഹനന്മ' സൗഹൃദക്കൂട്ടായ്മകൾ, ഏരിയ-ജില്ലാ സംഗമങ്ങൾ, ശുചീകരണ പ്രവർത്തനങ്ങൾ, മെഡിക്കൽ ക്യാമ്പുകൾ, പാഥേയം അന്നദാനം പരിപാടി ഉൾപ്പെടെയുള്ള ജീവകാരുണ്യ പ്രവർത്തനങ്ങൾ, വിദ്യാർത്ഥി സംഗമങ്ങൾ, വിഭവസമാഹരണം, ശാന്തിയാത്ര എന്നിവയും പൂജിതപീഠം സമർപ്പണം ആഘോഷത്തിനു മുന്നോടിയായി നടക്കും.

പൂജിതപീഠം സമർപ്പണത്തോടനുബന്ധിച്ചുള്ള 41 ദിവസത്തെ വ്രതസങ്കല്പങ്ങൾ 2018 ജനുവരി 13-ാം തീയതി ശനിയാഴ്ച ആരംഭിക്കും. ആശ്രമത്തിലും ബ്രാഞ്ചുകളിലുമായി നടക്കുന്ന പുഷ്പസമർപ്പണത്തിലും പ്രാർത്ഥനയിലും എല്ലാ ആത്മബന്ധുക്കളും പങ്കെടുക്കും. ഫെബ്രുവരി 22 ന് പൂജിതപീഠം സമർപ്പണദിനത്തിൽ നടക്കുന്ന അർദ്ധവാർഷിക കുംഭമേളയോടെ ആഘോഷപരിപാടികൾക്ക് സമർപ്പണമാകും.

# പൂജിതപീഠം സമർപ്പണം: ഗൃഹസ്ഥാശ്രമസംഘം സജീവമായി രംഗത്ത്

**എജ്യൂക്കേഷൻ സോൺ:** പൂജിതപീഠം സമർപ്പണത്തോടനുബന്ധിച്ച് ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തിന്റെ യൂണിറ്റുകളിലെ പ്രവർത്തനങ്ങൾ ആരംഭിച്ചു. ആദ്യപടിയായി എല്ലാ യൂണിറ്റുകളിലെയും പ്രധാന പ്രവർത്തകരുടെ യോഗം സ്വാമി ഗുരുസവിധ് ജ്ഞാന തപസ്വിയുടെ നേതൃത്വത്തിൽ വിളിച്ചുചേർത്ത് വിവിധ കമ്മിറ്റികൾക്ക് രൂപം നല്കി. ജനുവരി 13 മുതൽ നടക്കുന്ന പൂജിതപീഠം സമർപ്പണം വ്രതദിവസങ്ങളിൽ ആശ്രമത്തിൽ നടക്കുന്ന പുഷ്പസമർപ്പണത്തിലും പ്രാർത്ഥനയിലും എല്ലാവരെയും പങ്കെടുപ്പിക്കുന്നതിനും തീരുമാനിച്ചു.

ഡിസംബർ 21 വ്യാഴാഴ്ച മുതൽ ഗൃഹസന്ദർശന പരിപാടി ആരംഭിച്ചിട്ടുണ്ട്. ആനന്ദപുരം യൂണിറ്റിലാണ് ആദ്യഘട്ടത്തിൽ ഗൃഹസന്ദർശന പരിപാടിനടന്നത്.സ്വാമിജ്ഞാനദത്തൻ ജ്ഞാനതപസ്വി അവിടെ ഗൃഹസന്ദർശനത്തിന് നേതൃത്വം നല്കി. ജനസേവികപുരം യൂണിറ്റിൽ സ്വാമി ജ്ഞാനദത്തൻ ജ്ഞാനതപസ്വിയും കാഞ്ഞാംപാറ, സ്നേഹപുരം യൂണിറ്റുകളിൽ സ്വാമി വന്ദനരൂപൻ ജ്ഞാനതപസ്വിയും പാലോട്ടുകോണം യൂണിറ്റിൽ സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വിയും പോത്തൻകോട് സ്വാമി ജ്യോതിർപ്രകാശ ജ്ഞാനതപസ്വിയും ശാന്തിഗിരി ജംഗ്ഷൻ, രത്നഗിരി യൂണിറ്റുകളിൽ ജനനി കൃപ ജ്ഞാനതപസ്വിനിയും, ആനന്ദപുരം, രത്നഗിരി യൂണിറ്റുകളിൽ ജനനി മംഗള ജ്ഞാനതപസ്വിനിയും ശാന്തിപുരം, കരുണപുരം, ജ്യോതിപുരം യൂണിറ്റുകളിൽ ജനനി സുപഥ ജ്ഞാനതപസ്വിനിയും ജനനി രേണുരൂപ ജ്ഞാനതപസ്വിനിയും ലക്ഷ്മിപുരം യൂണിറ്റിൽ ജനനി പ്രാർത്ഥന ജ്ഞാനതപസ്വിനിയും ഗൃഹസന്ദർശന പരിപാടിക്ക് നേതൃത്വം നല്കും.

ഗൃഹസന്ദർശനത്തെ തുടർന്ന് ജനുവരി മാസത്തെ ഞായറാഴ്ചകളിൽ ഏകദിന കുടുംബസംഗമം അതാത് യൂണിറ്റുകളിൽ നടക്കും. കലാപരിപാടികൾ, മത്സരങ്ങൾ എന്നിവ ഉൾപ്പെടെയുള്ള നിരവധി പരിപാടികളോടെയാണ് കുടുംബസംഗമങ്ങൾ നടക്കുന്നത്. ഗൃഹസ്ഥാശ്രമസംഘത്തിന്റെ ആഭിമുഖ്യത്തിൽ 2018 ഫെബ്രുവരി 15 മുതൽ ഏഴ് ദിവസം നീണ്ടുനിൽക്കുന്ന പൂജിതപീഠം സമർപ്പണം സത്സംഗത്തിനുള്ള ഒരുക്കങ്ങളും നടന്നുവരുന്നു. വിഭവസമാഹരണം, പരിസരശുചീകരണം എന്നിവയും നടക്കും. ഗൃഹസ്ഥാശ്രമസംഘത്തിന്റെ മുഴുവൻ യൂണിറ്റുകളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ശാന്തിയാത്രയും തുടർന്ന് പൊതുസമ്മേളനവും സംഘടിപ്പിച്ചിട്ടുണ്ട്.



*ആനന്ദപുരത്തെ ഗൃഹസന്ദർശന പരിപാടിയിൽ നിന്ന്*


ഗുരുചരണം ശരണം

**മോഹനം ഒപ്റ്റിക്കൽസ്**

**കമ്പ്യൂട്ടറൈസ്ഡ് ഐ ടെസ്റ്റിംഗ് & കോൺടാക്ട് ലെൻസ് ക്ലിനിക്ക്**

(ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഗേറ്റിന് എതിർവശം)

ഫോൺ : 8089695320

# ഗുരുവാണി

നമ്മൾ പലവിധത്തിലുള്ള രാഷ്ട്രീയക്കാരെ കാണുന്നുണ്ട്. പലവിധത്തിലുള്ള മതസിദ്ധാന്തികളെ കാണുന്നുണ്ട്. അവർ പറയുന്ന കാര്യം വല്ലതുമാണോ ഇവിടെ നടക്കുന്നത്? ലോകത്തെക്കുറിച്ച് ആരെങ്കിലും പറയണോ? ഈ പറഞ്ഞവരുടെ കുറ്റമോ അല്ലെങ്കിൽ ആരെങ്കിലും പറഞ്ഞ് അറിഞ്ഞുപോയവരുടെ കുറ്റമോ അല്ല. ഇതിന്റെ മുൻപും പിൻപും ഉള്ള ദു:ഖങ്ങളും അറിവും പരിചയവും അതിന്റെ ആഴവും മനസിലാക്കാതെ എന്തെങ്കിലും ചാടിക്കയറിയങ്ങ് പറഞ്ഞതുകൊണ്ട് ഒരു കാര്യവും നടക്കാൻ പോകുന്നില്ല. ഇന്നേവരെ നടന്നിട്ടുമില്ല. നമ്മുടെ മുമ്പിൽ ഇത്രയും തെളിവിരിക്കുമ്പോൾ നമ്മൾ എന്തിനാണീ വേണ്ടാത്തതൊക്കെ പറയുകയും കാണിക്കുകയും ചെയ്യുന്നത്? നിങ്ങളോടിങ്ങനെയൊക്കെ ആരെങ്കിലും പറഞ്ഞുകേൾപ്പിക്കുന്നതു വേണ്ടാത്തതാണ്.

നിങ്ങൾക്കെല്ലാം അറിയാം ഞാൻ നിങ്ങളെപ്പോലെ തന്നെ വളരെ കഷ്ടപ്പെട്ട ഒരാളാണ്. പക്ഷെ ഞാൻ ആ കഷ്ടപ്പാടിനെപ്പറ്റി ചിന്തിക്കുന്നില്ല. അങ്ങനെ ചിന്തിച്ചാൽ എനിക്ക് ജീവിക്കാൻ പറ്റുമോ? സത്യമാണ്, കഷ്ടപ്പെട്ടു. അതാണതിന്റെ സ്വഭാവം. ആ കഷ്ടപ്പാടിനൊരു മാന്യത ദൈവം തന്നു. നമുക്കു ദൈവം തന്നാൽ നമ്മൾ അതിനെ എല്ലാവരുമായി പങ്കുവയ്ക്കാൻ സന്നദ്ധതയുള്ളവരാകണം. അതാണ് ത്യാഗം. അതിന് പണവും ശേഷിയും സമ്പത്തും എല്ലാം വേണ്ടിവരും.

എന്താണ് നമ്മുടെ കഷ്ടപ്പാടിന്റെ കാരണം? നമ്മുടെ പാരമ്പര്യത്തിന്റെ എടുക്കാൻ വയ്യാത്ത ചുമടാണത്. ആ ചുമട് എന്താണ്? നമ്മുടെ ജീവന്റെ ധർമ്മമില്ലായ്മ, ഭാഗ്യമില്ലായ്മ, പുണ്യമില്ലായ്മ. ഒരു ദിവസം എവിടെയെങ്കിലും പോയി അതു മറിച്ചിട്ട് കളഞ്ഞിട്ട് പോരാനൊക്കുമോ? അങ്ങനെയൊന്നും ആരോടും പറയരുത്. ശരിയല്ല ആ പറയുന്നത്. ഇതൊക്കെ മതസിദ്ധാന്തത്തിന്റെയും സിദ്ധിന്യായങ്ങളുടെയും അത്ഭുതകർമ്മങ്ങളുടെയും കളിപ്പിക്കാൻ പറയുന്ന വേലകളാണ്. ഇതൊന്നും ആരും വിശ്വസിക്കുകയേ അരുത്.

നമ്മളെ സംബന്ധിച്ച് നമുക്ക് ദൈവത്തിന്റെ കനിവുണ്ട്. സത്യമാണ് ഈ പറയുന്നത്. പക്ഷെ ദൈവത്തിന്റെ കനിവിന് വേണ്ടി നോവണം. നമുക്ക് ഇങ്ങനെയുള്ള കാര്യങ്ങളെപ്പറ്റി യാതൊന്നും അറിയില്ലായിരിക്കാം. പക്ഷെ ഒരു കാര്യം നമ്മൾ നന്മതിന്മകളൊക്കെ ചെയ്തുപൂർത്തിയാകുമ്പോൾ വീണ്ടും പോയി അതാത് മതത്തിന്റെ ന്യായം അനുസരിച്ച് കർമം ചെയ്യുകയാണ്. എന്നിട്ട് വിശ്വാസിയല്ലാത്തവന്റെ ന്യായത്തിൽ തുള്ളുക. ആര് എങ്ങനെ തുള്ളിയാലും നിങ്ങൾക്കെന്ത്? അതല്ല ഞാൻ പറഞ്ഞത്. നമ്മളാരും അന്യഥാ പ്രവർത്തിച്ച് നന്നാകാമെന്ന് ധരിക്കരുത്. അച്ഛന്റെ കുറ്റമാണ്, അമ്മയുടെ കുറ്റമാണ്, നാടിന്റെ കുറ്റമാണ്, രാജ്യത്തിന്റെ കുറ്റമാണ്- ഇതൊക്കെ എന്താണ്? നമ്മൾ ജനിച്ച നാടിന് ഭാഗ്യക്കുറവുണ്ട്. ആ സ്ഥാനത്ത് നമ്മൾ ജനിക്കാൻ കാരണമെന്ത്? നമ്മൾ അതിനേക്കാൾ ഭാഗ്യം കെട്ടവരാണെന്ന് കണ്ടാൽ പോരേ?

അതെ, നമ്മൾ എല്ലാത്തിനെയുംകാൾ ചീത്തയാണ്. ജീവന്റെ ഗതിവിഗതികൾ എന്തൊക്കെയാണെന്ന് ഒരിക്കലും അറിയാൻ വയ്യാത്ത സ്നേഹമില്ലാത്ത പ്രവൃത്തിയുടെ ഒരു വലിയ മൂടു പിടിച്ച്, സ്നേഹമെന്ന് ചിന്തിച്ച് നാശം തുള്ളിയവരാണ് നമ്മുടെ പൂർവികന്മാർ. ഇതിൽ നിന്ന് മാറാൻ നമുക്ക് ഈശ്വരൻ അവസരം തരുമ്പോൾ നിങ്ങൾ അച്ഛനും അമ്മയും ഭർത്താവും ഭാര്യയും അതിനെ ഒരിക്കലും വിട്ടുപെരുമാറരുത്. എങ്കിലേ നിങ്ങൾക്ക് രക്ഷപ്പെടാനൊക്കൂ. അതു വിട്ടുകഴിഞ്ഞാൽ ഒരിക്കലും നിങ്ങൾ നേരെയാകില്ല.

ഇതെല്ലാം നമ്മൾ ജനിച്ചാൽ ഉണ്ടാകാവുന്ന ഒരു കർമം. ഇതൊക്കെ തള്ളിക്കളഞ്ഞിട്ട് പോയാൽ നമുക്ക് നമ്മുടെ ധർമ്മമോ കർമ്മമോ പൂർത്തിയാകുന്നില്ല. നിങ്ങൾ കഷ്ടപ്പെട്ടു ചെയ്താലേ പൂർവികന്മാരുടെ അറിവുകേടുകൊണ്ട് വന്നിട്ടുള്ള പാപവും പുണ്യവും അറിഞ്ഞുകളയാനുള്ള ഒരു വൈരാഗ്യമനസും സ്നേഹവും ആദരവും അതിന്റെ കൂടെ കെട്ടിനിർത്തിയാലേ നിങ്ങൾക്കത് എടുത്തു കളയാനാകൂ. അല്ലെങ്കിൽ ഒരിക്കലും നിങ്ങളത് കളയില്ല. കുറെക്കഴിഞ്ഞ് നിങ്ങൾ വിശ്വാസവും കളഞ്ഞിട്ട് പോകും. ഇതാണ് എന്റെ ഒരു പരിചയം.

## വചനദീപ്തി

"ആയിരം കുറ്റവാളികൾ രക്ഷപ്പെട്ടാലും
ഒരു നിരപരാധി ശിക്ഷിക്കപ്പെടരുത്""

**ആപ്തവാക്യം**

## സ് പിരിച്വൽ സോൺ ഡ്യൂട്ടി ലിസ്റ്റ്

എല്ലാ യൂണിറ്റുകളും സംയുക്തമായി

## യാമപ്രാർത്ഥന

2017 ഡിസംബർ 28 വ്യാഴം
എല്ലാ യൂണിറ്റുകളും സംയുക്തമായി

**പ്രകാശപഥം**

# ബ്രഹ്മത്തിന്റെ കനിവാർന്ന ഗുരുമുഖം

ഗുരുവിന്റെ മഹിമ ശിഷ്യനിൽക്കൂടിയാണ് അനുഭവവും കർമ്മധർമ്മങ്ങളുമായി സ്ഫുരിച്ച് ഭാഗ്യത്തിന്റെ പൂർണ്ണതയായി എണ്ണിയാലൊടുങ്ങാത്ത ചൈതന്യത്തിന്റെ, സ്നേഹത്തിന്റെ പൊരുളായി വരുന്നത്. ഗുരുശിഷ്യബന്ധത്തിന്റെ ആ ഒരു ഭാഗത്ത് ഗുരു ആരാണെന്ന് തിരിച്ചറിയുന്നത് ശിഷ്യനാണ്.അനുഭവമുള്ള ഒരു ശിഷ്യന്റെ മുമ്പിൽ ഓരോ മഹാത്മാക്കളും ജാഗ്രത്, സ്വപ്നം, തുരീയം, തുരീയാതീതം എന്നീ അവസ്ഥകളിൽ അനുഭവപ്പെടുത്തിക്കൊടുക്കുന്നു. മറ്റൊരു വശത്ത്, "ഒരു കോടി ദിവാകരരുദിച്ചുയരും പ്രകാരം" എന്നു പറയുന്ന സത്യം ജാഗ്രത്, സ്വപ്നം,സുഷുപ്തി, തുരീയം, തുരീയാതീതം എന്നീ അവസ്ഥകളിൽ അറിയുന്ന ഭാഗം. അതുപോലെ ഗുരുഗീതയിൽ പറയുന്ന സത്യാസത്യങ്ങളെ വേർതിരിച്ചറിയുന്ന പ്രകാശധാരയിൽ അനിർവചനീയമായ ആമുഖവും മുഖവുരയുമായി ആത്മതപസ്ബലിയർപ്പിച്ചുപോകുന്ന ദീർഘദർശികളുടെ സ്വഭാവവും കാലാന്തരഗുരുക്കന്മാരുടെ അവസ്ഥാന്തരവും പ്രാപിക്കുന്ന ഒരു ഗുരുശിഷ്യബന്ധം; മൗനഘനാമൃതം തൂകി നില്ക്കുന്ന വെളിച്ചത്തിൽ വെളിച്ചമായി തിരുത്തായി സന്നിധാനങ്ങളുടെ പടവുകൾ താണ്ടി ഇറങ്ങിയും കയറിയും പങ്കുവയ്ക്കുന്ന ഗുരുശിഷ്യബന്ധം; അത് എന്നെന്നേക്കും ലോകത്തിന് ഒരു പുതിയ വിമോചനസഞ്ചാരപാതയൊരുക്കുന്ന ശാന്തിഗിരിയിലെ ആത്മീയസിദ്ധാന്തത്തിന്റെ ഒരിക്കലും വറ്റാത്ത പ്രകാശധാരയുടെ ഉറവിടമായി മാനവരാശിക്ക് എന്നും എടുത്ത് പെരുമാറാൻ ബ്രഹ്മം തന്ന കനിവാണ് ഈ ഗുരുമുഖം. അതാണ് വാക്കാണ് സത്യം, സത്യമാണ് ഗുരു, ഗുരുവാണ് ദൈവം എന്ന് ശിഷ്യൻ അനുഭവിച്ചറിയുന്ന സത്യം. ആ സത്യത്തിലേക്ക് എക്കാലത്തേക്കും മനുഷ്യരാശിയെ നയിക്കാൻ ബ്രഹ്മത്തിന്റെ കനിവാർന്ന ഗുരുമുഖം എന്നെന്നേക്കും നമ്മളെ അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കാനും മാനിക്കാനും ബ്രഹ്മത്തിന്റെ കനിവായി കിട്ടിയ ഗുരുമുഖത്തോടുതന്നെ പ്രാർത്ഥിക്കുന്നു.

(**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ** –അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്)

# ആരാണ് വിശ്വാസി?



ഏറ്റവും പ്രിയപ്പെട്ടതെന്ത് എന്ന് ഗുരുവിശ്വാസിയായ ഒരു കൊച്ചുകുഞ്ഞിനോടുപോലും ചോദിച്ചാൽ, "എന്റെ ഗുരു" എന്ന് രണ്ടാമതൊന്നാലോചിക്കാതെ മറുപടി പറയും. അതാണ് അവരുടെ ഹൃദയത്തിൽ ഗുരുവിന്റെ സ്ഥാനം. അവർക്ക് ഗുരു സർവ്വസ്വമാണ്. അവരെ സംബന്ധിച്ച് നിത്യതയാർന്ന എന്തെങ്കിലും ഉണ്ടെങ്കിൽ അത് ഗുരുവിന്റെ സ്നേഹമാണ്. ഹൃദയസ്പർശിയായ സ്വന്തം അനുഭവങ്ങളാണ് അങ്ങനെ ഉറപ്പിക്കാൻ അവരെ പ്രേരിപ്പിക്കുന്നത്. സവിശേഷതയുള്ള ഗുരുവിന്റെ രൂപവും വശ്യതയുള്ള ചിരിയും. ഇടയ്ക്കിടയ്ക്ക് കണ്ണുകളടച്ചിരിക്കുകയും തെല്ലുനേരം കഴിഞ്ഞ് തുറന്നു നോക്കി മൃദുസ്വരത്തിൽ സംസാരിക്കുകയും ചെയ്യുന്ന ഗുരു. വളരെ കൗതുകകരവും ഇമ്പമാർന്നതുമാണ് ആ രൂപം. വെളിച്ചംകൊണ്ട് പൂവിന് ഉണർവ് കിട്ടുന്നതുപോലെയാണ് ഗുരുവിന്റെ സാന്നിദ്ധ്യം ഓരോരുത്തരുടെയും ജീവനിൽ ഉണർവ്വുണ്ടാക്കുന്നത്. ഗുരു സ്വന്തം ചൈതന്യത്താൽ ഹൃദയങ്ങളിൽ സ്നേഹദീപം കൊളുത്തുകയാണ്. ഒന്നും മറക്കാനാവില്ല, ഒന്നും വർണ്ണിക്കാനാവില്ല. ഗുരുവിനെക്കുറിച്ചുള്ള സ്മരണകളിൽ അനശ്വരതയുടെ പൊൻധൂളികൾ നിറച്ച് ഓരോ വിശ്വാസിയും ഓരോ ശിഷ്യനും ഓരോ ഭക്തനും ജീവിക്കുന്നു.

ഗുരുവിന്റെ പാദപീഠത്തിൽ എത്തി ആ ശരണത്തെ പ്രാപിക്കുന്നതോടെ അവർ ദൈവത്തിൽ എത്തിച്ചേരുകയാണ്. അർപ്പണത്തിലും ജാഗ്രതയിലും അറിവിലും മുന്നിലെത്തുന്ന ശിഷ്യനെ സംബന്ധിച്ച് താനും ഗുരുവും അന്യരല്ലാതായി തീരുന്നു. ഈ അവസ്ഥ സത്യത്തിന്റെ ആത്മാവിലേക്ക് വഴിതുറക്കാൻ പര്യാപ്തമാണ്. അയാൾക്ക് സ്വന്തം ജീവന്റെ പ്രയാണഭേദങ്ങൾ ദർശനത്തിൽ തെളിഞ്ഞുകാണാൻ കഴിയും. ഇവിടെ സന്ന്യാസിയെന്നോ ഗൃഹസ്ഥനെന്നോ ഭേദമില്ല. ജാഗ്രത്തിലും സ്വപ്നത്തിലും സുഷുപ്തിയിലും ദർശനങ്ങൾ കണ്ട് ജാഗ്രത് സുഷുപ്തിയിലേക്കും ആ അവസ്ഥയിൽ നിന്ന് അതീതമായ അവസ്ഥയിലേക്കും പുറപ്പെടുന്നതാണ് ജീവന്റെ പ്രയാണഭേദങ്ങൾ. ഇപ്രകാരം പ്രയാണം സാദ്ധ്യമാകുന്ന എല്ലാ ജീവന്മാരും സമന്മാരായിത്തീരും. ആ ജീവന്മാരുടെ പ്രയാണം രൂപാശ്രയങ്ങളില്ലാത്ത ആകാശങ്ങളിലേക്കത്രെ. അങ്ങനെയുള്ള അനവധി ആകാശങ്ങളെ ഉൾവഹിച്ച് ആത്മാവിന്റെ ആനന്ദത്തിനുള്ളിൽ സ്ഥിതി ചെയ്യുന്ന സത്യത്തിന്റെ കാതലായി ഗുരു പരിലസിക്കുന്നു.

ഗുരുവിലും ഗുരുധർമ്മത്തിലുമുള്ള വിശ്വാസത്തിൽ കളങ്കമേശാത്ത ദൃഢതയുള്ള ഗൃഹസ്ഥാശ്രമി ഏത് പരിതസ്ഥിതിയിലും; അത് അനുകൂലമായാലും പ്രതികൂലമായാലും; മനസുറപ്പുള്ളവനായിരിക്കും. ഭാര്യയും ഭർത്താവും മക്കളും ധനവും വിദ്യയും പ്രബുദ്ധതയും എന്നതിനൊക്കെ ഉപരി തന്റെ കുടുംബത്തിന്റെ പാരമ്പര്യത്തിൽ വന്നുപോയ സിദ്ധാന്തപരമായ കെടുതികൾ മാറ്റി സ്നേഹംകൊണ്ടും വിനയംകൊണ്ടും ആദരവുകൊണ്ടും അതിലെ നന്മ വീണ്ടെടുക്കാനുള്ള കർമ്മം മാത്രമാണ് അവന് പ്രധാനം. ഒരു ഗൃഹസ്ഥാശ്രമജീവിതത്തിന്റെ ഏറ്റവും ഉന്നതമായ മാതൃകയും അതുതന്നെ. അങ്ങനെയുള്ള ഗൃഹസ്ഥാശ്രമി എല്ലാവിധ വിഭാഗീയമായ സംസ്കാരത്തിൽ നിന്നും മുക്തനാണ്. മനുഷ്യസമ്പ്രദായത്തിലുള്ള ഏതെങ്കിലും നീതിബോധത്തിൽപ്പെട്ട അറിവ് അവനാവശ്യമില്ല. പരസ്പരം കലഹിച്ചകലുന്ന അറിവുകേടിന്റെ ബലം പ്രാപിച്ചിട്ട് സ്വയം അന്യനായിത്തീരുകയുമില്ല. ഗുരുവചനം ഇതാ:

"ഗുരുവും ശിഷ്യരും അന്യരല്ല, ഒന്നാണ് എന്നു പറയുന്നതിന്റെ വ്യാപ്തി ഇതാണ്. അവസാനം കൂടെ വരാൻ ആരുമില്ലാത്തപ്പോൾ അവന്റെ കൂടെ വരുന്നത് ഗുരു എന്ന ആ സത്യം മാത്രം." ആ സത്യത്തിനുവേണ്ടി എന്തൊക്കെ ചെയ്യാൻ കഴിയുമോ അതൊക്കെ ഒരു വിഷമവും കൂടാതെ ചെയ്യുന്നവനാണ് ഒരു വിശ്വാസി.

## ഗുരുകാന്തി അവധിക്കാല ക്ലാസ്

### ഡിസംബർ 26 മുതൽ ജനുവരി 2 വരെ

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി ഗുരുകാന്തിയുടെ അവധിക്കാല പഠന ക്ലാസുകൾ ഡിസംബർ 26 മുതൽ ജനുവരി 2 വരെ നടക്കും. ആദ്ധ്യാത്മിക പഠന ക്ലാസുകൾ,ഭാഷാ പരിശീലനം ഉൾപ്പെടെയുള്ള വ്യക്തിത്വ വികസന ക്ലാസുകൾ, പഠന വിനോദയാത്രകൾ, വിവിധ കലാ-കായിക പരിശീലനം എന്നിവ പഠനക്ലാസിനോടനുബന്ധിച്ച് നടക്കുമെന്ന് ഇൻചാർജ് ജനനികൃപ ജ്ഞാനതപസ്വിനി അറിയിച്ചു.

## വിദ്യാർത്ഥികൾക്ക് അനുമോദനം

**പോത്തൻകോട്:** ന്യൂഡെൽഹിയിൽ നടന്ന നാഷണൽ വാഷ് കോൺക്ലേവിൽ പങ്കെടുത്ത ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥികൾക്ക് പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ അനുമോദനം. ഡിസംബർ 21ന് ഗ്രാമപഞ്ചായത്തിൽ നടന്ന ചടങ്ങിൽ പോത്തൻകോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വേണുഗോപാലൻ നായർ വിദ്യാർത്ഥികൾക്ക് ഉപഹാരം സമ്മാനിച്ചു. വിദ്യാർത്ഥികൾ അവതരിപ്പിച്ച വാഷ് കോൺക്ലേവിന്റെ പ്രദർശനവും നടന്നു.

## ദിവംഗതരായി



കെ. നാണു



സി. പത്മനാഭൻ

**തലശേരി:** ജനനി നിർമല ജ്ഞാനതപസ്വിനിയുടെ പിതൃസഹോദരൻ ചമ്പാട് മംഗള ഭവനിൽ കെ. നാണു (72) ഡിസംബർ 20 ന് ദിവംഗതനായി. തലശേരിയിലെ ആദ്യകാല ആശ്രമം പ്രവർത്തകനായിരുന്നു. ഭാര്യ: സുഷമ. മക്കൾ: ജനലക്ഷ്മി കെ. (എസ്.എച്ച്.ആർ.ഒ.), ജഗദംബിക കെ. മരുമക്കൾ: ദിനേശ് രവി (ദന്തസുഖം ഡെന്റൽ ക്ലിനിക്), പ്രവീൺ എം. സ്വാമി ഗുരുമിത്രൻ ജ്ഞാനതപസ്വി സംസ്കാര ചടങ്ങിൽ സംബന്ധിച്ചു.

**എറണാകുളം:** മരട് തോമസ്പുരം നിർമ്മലം വീട്ടിൽ സി. പത്മനാഭൻ (77) ഡിസംബർ 14 ന് ദിവംഗതനായി. റിട്ട. കസ്റ്റംസ് ഉദ്യോഗസ്ഥനാണ്. ഭാര്യ ജയലക്ഷ്മി. മക്കൾ: സി. അഭിനേഷ്, സി. അനിലേഷ്, സി. അജേഷ്. മരുമക്കൾ: എസ്. ശ്രീജ, പി. സുമി.



പുസ്തകനിധി പദ്ധതി ഉദ്ഘാടനം

## വിദ്യാഭവനിൽ 'പുസ്തകനിധി'

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിലെ മാതൃഭൂമി സീഡ് ക്ലബിന്റെ നേതൃത്വത്തിൽ 'പുസ്തകനിധി' പദ്ധതിയ്ക്ക് തുടക്കമായി. കുട്ടികളിലെ വായനാശീലം പരിപോഷിപ്പിക്കുന്നത് ലക്ഷ്യമിടുന്ന പരിപാടിയാണ് ഇത്. കുട്ടികളിൽ നിന്ന് ശേഖരിക്കുന്ന പുസ്തകങ്ങൾക്ക് സ്കൂൾ ലൈബ്രറിക്ക് കൈമാറും.

പുസ്തക കൈമാറ്റ ചടങ്ങിൽ അദ്ധ്യാപികയായ പി. വിജയകുമാരി പുസ്തകങ്ങൾ ഏറ്റുവാങ്ങി ലൈബ്രേറിയൻ ഗീതാ രാജിന് കൈമാറി. അദ്ധ്യാപിക എം.പി. ബിന്ദുവും വിദ്യാർത്ഥികളും ചടങ്ങിൽ സംബന്ധിച്ചു.

## അംബേദ്കർ അവാർഡ് ലഭിച്ചു



പി. മനോജ്കുമാർ അംബേദ്കർ അവാർഡ് ഏറ്റുവാങ്ങുന്നു

**ആലപ്പുഴ:** ഗോളഭ്രമണ പരിണാമ സിദ്ധാന്തത്തിനു നല്കിയ സംഭാവനകൾ പരിഗണിച്ച് ഭാരതീയ ദളിത് സാഹിത്യ അക്കാദമിയുടെ ഈ വർഷത്തെ അംബേദ്കർ അവാർഡ് പി. മനോജ് കുമാറിന് ലഭിച്ചു. ശാന്തിഗിരി വിശ്വസാംസ്കാരിക നവോത്ഥാന കേന്ദ്രത്തിന്റെ ഹരിപ്പാട് ഏരിയയിലെ സജീവ പ്രവർത്തകനാണ് മനോജ് കുമാർ. ന്യൂഡെൽഹിയിൽ നടന്ന ചടങ്ങിൽ ബോംബെ ഹൈക്കോടതി ജഡ്ജി വി.എച്ച്. ഭൈരവ്യസിൽ നിന്നും അവാർഡ് ഏറ്റുവാങ്ങി. 'കുസാറ്റി'ലെ അസിസ്റ്റന്റ് പ്രൊഫസറായ ഇദ്ദേഹം കാവാലം 'സുധാസദന'ത്തിൽ താമസിക്കുന്നു. ഭാര്യ ഡോ. ദിവ്യ ചന്ദ്രൻ.



ജനസേവികപുരം യൂണിറ്റ് പ്രാർത്ഥനായോഗത്തിൽ സ്വാമി ധർമ്മാനന്ദ ജ്ഞാനതപസ്വി

## യോഗ്യത നേടി




റിച്ചിൻദേവ്

**ഹെൽത്ത്കെയർ സോൺ:** ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിലെ വിദ്യാർത്ഥി റിച്ചിൻ ദേവ് സംസ്ഥാന തല ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിലേക്ക് യോഗ്യത നേടി. കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ് (കുഹാസ്) എ സോൺ ഇന്റർ കോളിജിയേറ്റ് ബാഡ്മിന്റൺ ചാംപ്യൻഷിപ്പിൽ വിജയിച്ച റിച്ചിൻദേവ് അടുത്ത മാസം നടക്കുന്ന സംസ്ഥാന തല ചാംപ്യൻഷിപ്പിൽ പങ്കെടുക്കും.

## ട്രെയിനിംഗ് ക്ലാസ് സംഘടിപ്പിച്ചു

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിലെ അദ്ധ്യാപകർക്കായി പ്രമുഖ വ്യക്തിത്വ വികസന പരിശീലകനായ പി.വി. സുരേന്ദ്രനാഥ് ട്രെയിനിംഗ് ക്ലാസ് നടത്തി. ഡിസംബർ 19 ചൊവ്വാഴ്ച നടത്തിയ ക്ലാസിൽ മുപ്പതോളം അദ്ധ്യാപകർ സംബന്ധിച്ചു. ക്ലാസ് ഉപകാരപ്രദമായതായി പങ്കെടുത്തവർ പറഞ്ഞു.




'സ്പന്ദനം' കൈയെഴുത്തുമാസിക സ്വാമി നിർമോഹാത്മ ജ്ഞാനതപസ്വി പ്രകാശനം ചെയ്യുന്നു

## ആശങ്കയുണർത്തി പൂലന്തറയിൽ വാഹനാപകടങ്ങൾ തുടർക്കഥയാകുന്നു

**ശാന്തിഗിരി ജംഗ്ഷൻ:** പൂലന്തറയിലും പരിസരത്തുമായി അടിയ്ക്കടിയുണ്ടാകുന്ന വാഹനാപകടങ്ങൾ ആശങ്കയുണർത്തുന്നു. കഴിഞ്ഞ അഞ്ച് വർഷത്തിനിടെ നിരവധി പേരാണ് ഈ ഭാഗത്ത് മാത്രമുണ്ടായ റോഡപകടങ്ങളിൽ മരണമടഞ്ഞത്. അപകടത്തിൽപ്പെട്ടതിൽ ഭൂരിഭാഗവും ബൈക്ക് യാത്രികരായിരുന്നു. അമിതവേഗതയും, മദ്യപിച്ചുകൊണ്ടും മറ്റുമുള്ള അശ്രദ്ധമായ ഡ്രൈവിംഗുമാണ് മിക്കപ്പോഴും അപകടങ്ങൾക്ക് കാരണമാകുന്നത്. എയർ പോർട്ട് റോഡിൽ ഈ ഭാഗത്തുള്ള കൊടുംവളവും അപകടങ്ങൾക്കിടയാക്കുന്നുണ്ട്. ആശ്രമത്തിന്റെ മുൻഭാഗത്തുള്ള ഈ റോഡിൽ ആവശ്യമുള്ള സ്ഥലങ്ങളിൽ സ്പീഡ് ബ്രേക്കറുകളും വേഗത കുറയ്ക്കുന്നതിനുള്ള മുന്നറിയിപ്പ് ബോർഡുകളും, സിസി ക്യാമറകളും സ്ഥാപിച്ചാൽ അപകടങ്ങൾ പലതും ഒഴിവാക്കാനാവുമെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. എയർപോർട്ടിലേക്കും കഴക്കൂട്ടം സൈബർ സിറ്റിയിലേക്കും മറ്റുമുള്ള യാത്രക്കാരുടെ ബാഹുല്യംമൂലം എപ്പോഴും തിരക്കനുഭവപ്പെടുന്ന ബൈപാസ് റോഡിലെ അപകടക്കുരുക്ക് അഴിക്കാൻ അധികൃതർ അടിയന്തരമായി ഇടപെടണമെന്നാണ് നാട്ടുകാരുടെ ആവശ്യം.





ശാന്തിഗിരി വിദ്യാഭവനിലെ ക്രിസ്മസ് ആഘോഷം

# പൂജിതപീഠം സമർപ്പണം: ശാന്തിമഹിമയുടെ 'ഉണർവ്വ്' ദ്വിദിന ക്യാമ്പ്

## ഡിസംബർ 29, 30 തീയതികളിൽ കന്യാകുമാരിയിൽ

**സ്പിരിച്വൽ സോൺ:** പൂജിതപീഠം സമർപ്പണം ആഘോഷത്തോടനുബന്ധിച്ച് ശാന്തിഗിരി ശാന്തിമഹിമ സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ 'ഉണർവ്' ക്യാമ്പുകൾ സംഘടിപ്പിക്കും. ശാന്തിഗിരി ആശ്രമം, കന്യാകുമാരി ബ്രാഞ്ചിൽ വച്ച് ഡിസംബർ 29, 30 തീയതികളിൽ നടക്കുന്ന ക്യാമ്പിൽ തിരുവനന്തപുരം, കന്യാകുമാരി ജില്ലകളിലെ ശാന്തിമഹിമ പ്രവർത്തകർ പങ്കെടുക്കും. ഡിസംബർ 29 ന് രാവിലെ 10 മണിക്ക് സ്വാമി സ്നേഹാത്മ ജ്ഞാനതപസ്വി ക്യാമ്പ് ഉദ്ഘാടനം ചെയ്യും. ജനനി അഭേദ ജ്ഞാനതപസ്വിനി അധ്യക്ഷത വഹിക്കും. സ്വാമി ചിത്തശുദ്ധൻ ജ്ഞാനതപസ്വി മഹനീയ സാന്നിധ്യമായിരിക്കും. ഉച്ചകഴിഞ്ഞ് 2.30 ന് നടക്കുന്ന ആശയ വിനിമയം ഗ്രൂപ്പ് ആക്റ്റിവിറ്റി പ്രവർത്തനങ്ങൾക്ക് സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വി നേതൃത്വം നല്കും. രാത്രി 8.30ന് സത്സംഗത്തിന് സ്വാമി മുക്തചിത്ത ജ്ഞാനതപസ്വി നേതൃത്വം നല്കും. ഡിസംബർ 30 ശനിയാഴ്ച രാവിലെ 9.15 ന് 'ശരീരമാദ്യം ഖലുധർമ്മസാധനം' എന്ന വിഷയത്തിൽ കുങ്ഫു ഗ്രാൻഡ് മാസ്റ്റർ ദിലീപ് ജി. ക്ലാസ് നയിക്കും. 11 മണിക്ക് നടക്കുന്ന ആശയസംവാദത്തിൽ സ്വാമി നവനന്മ ജ്ഞാനതപസ്വി പങ്കെടുക്കും. ഉച്ചഭക്ഷണത്തിനുശേഷം കന്യാകുമാരി വിവേകാനന്ദപ്പാറ സന്ദർശനവും ഉണ്ടായിരിക്കും. രാത്രി 9.30 ന് സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി സംബന്ധിക്കുന്ന സത്സംഗത്തോടെ ക്യാമ്പിന് സമാപനമാകും.

തലശേരി, കണ്ണൂർ, വടകര ഏരിയകളിലെ ശാന്തിമഹിമ ഉണർവ് ക്യാമ്പ് ശാന്തിഗിരി ആശ്രമം, വള്ള്യായി ബ്രാഞ്ചിൽ വച്ച് ഡിസംബർ 23, 24 തീയതികളിലും അന്നുതന്നെ ശാന്തിഗിരി ആശ്രമം ഹരിപ്പാട് ബ്രാഞ്ചിൽ വച്ചും ആലപ്പുഴ, ചേർത്തല ഏരിയകളുടെ ക്യാമ്പ് ഡിസംബർ 24, 25 തീയതികളിൽ ജന്മഗൃഹത്തിലും ഡിസംബർ 27 ന് കൊല്ലം ഏരിയയുടേത് ശാന്തിഗിരി ആശ്രമം പോളയത്തോട് ബ്രാഞ്ചിൽ വച്ചും നടക്കും. കോഴിക്കോട്, കൊയിലാണ്ടി ഏരിയകളുടേത് ഡിസംബർ 30, 31 തീയതികളിൽ ശാന്തിഗിരി ആശ്രമം കക്കോടി ബ്രാഞ്ചിൽ നടക്കും.

# ശാന്തിഗിരി വിദ്യാഭവനിൽ ക്രിസ്മസ് ആഘോഷം

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിൽ ഈ വർഷത്തെ ക്രിസ്മസ് ആഘോഷങ്ങൾ വർണാഭമായി. എജ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് ഹെഡ് സ്വാമി നിർമോഹാത്മ ജ്ഞാനതപസ്വി ആഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്തു. സ്കൂൾ പ്രിൻസിപ്പൽ സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി അദ്ധ്യക്ഷത വഹിച്ചു. സ്വാമി ജനമോഹനൻ ജ്ഞാനതപസ്വി വിശിഷ്ടാതിഥിയായിരുന്നു. ക്രിസ്മസ് അപ്പൂപ്പന്റെയും മാലാഖമാരുടെയും വേഷങ്ങൾ ധരിച്ച വിദ്യാർത്ഥികൾ 'അക്ഷരത്തണൽ' എന്ന പേരിൽ തയ്യാറാക്കിയ വേദിയിൽ സംഗമിച്ചു. കെ.ജി. വിഭാഗത്തിലെ കുഞ്ഞുസാന്താക്ലോസുമാർ ഏവരുടെയും ശ്രദ്ധ പിടിച്ചുപറ്റി. ശാന്തിഗിരി വിദ്യാഭവനിലെ അഞ്ച്, ആറ് ക്ലാസുകളിലെ കുട്ടികൾ തയ്യാറാക്കിയ കൈയെഴുത്തു മാസികയുടെ പ്രകാശനവും നടന്നു. സ്പന്ദനം എന്ന പേരിട്ട കൈയെഴുത്തു മാസിക സ്വാമി നിർമോഹാത്മ ജ്ഞാനതപസ്വി പ്രകാശനം ചെയ്തു. കേക്കുകളും മധുര പലഹാരങ്ങളും പങ്കുവച്ചു കൊണ്ടാണ് ശാന്തിയുടെയും സമാധാനത്തിന്റെയും സന്ദേശം പകരുന്ന ക്രിസ്മസ് കുട്ടികൾ ആഘോഷിച്ചത്.

# ദേശീയ സയൻസ് ഒളിംപ്യാഡിൽ പങ്കെടുക്കാൻ വിശാൽ എസ്

**എജ്യൂക്കേഷൻ സോൺ:** ദേശീയ സയൻസ് ഒളിംപ്യാഡിന്റെ പ്രാഥമിക റൗണ്ടിൽ ശാന്തിഗിരി വിദ്യാഭവനിൽ നിന്ന് ഒൻപതാം ക്ലാസ് വിദ്യാർത്ഥി വിശാൽ എസ് സ്വർണ മെഡൽ നേടി. 2018 ഫെബ്രുവരി 11 ന് നടക്കുന്ന രണ്ടാം റൗണ്ട് മത്സരങ്ങളിൽ ഇനി വിശാലിന് പങ്കെടുക്കാവുന്നതാണ്. ഒൻപതാം ക്ലാസിലെ തന്നെ സാനിയ എസ്.എസ്., വെള്ളി മെഡലും പ്രണവ് പി.ആർ വെങ്കല മെഡലും കരസ്ഥമാക്കി.



വിശാൽ എസ്

# ചുമതല

സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വി- ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) മെറ്റീരിയൽസ് മാനേജ്മെന്റ്, അഡീഷണൽ ചാർജ്- ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അപ്ലൈഡ് സ്റ്റഡീസ്, ക്വാളിറ്റി അഷ്വറൻസ്, ശാന്തിഗിരി ആശ്രമം നെടുമങ്ങാട് ഏരിയ.

സ്വാമി ജനതീർത്ഥൻ ജ്ഞാനതപസ്വി- ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി വിശ്വസാംസ്കാരിക നവോത്ഥാനകേന്ദ്രം, അഡീഷണൽ ചാർജ്- ഇൻഡസ്ട്രീസ്, സെക്യൂരിറ്റി, ശാന്തിഗിരി ആശ്രമം തിരുവനന്തപുരം ഏരിയ (സിറ്റി), ശാന്തിഗിരി ആശ്രമം, നെയ്യാറ്റിൻകര ഏരിയ.

ജനനി കൃപ ജ്ഞാനതപസ്വിനി- ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി സോഷ്യൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, അഡീഷണൽ ചാർജ്- ആർട്സ് ആന്റ് കൾച്ചർ, വിശ്വസംസ്കൃതി കലാരംഗം, ശാന്തിഗിരി ഗുരുകാന്തി.



ജയിംസ് എക്കോ റൂളിന് സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ഉപഹാരം സമ്മാനിക്കുന്നു

# ജെയിംസ് എക്കോ റൂൾ ആശ്രമം സന്ദർശിച്ചു

**സ്പിരിച്വൽ സോൺ:** വൈഎംസിഎ ആഫ്രിക്കൻ അലയൻസ് പ്രസിഡന്റ് ജെയിംസ് എക്കോ റൂൾ ഡിസംബർ 16 ന് ശാന്തിഗിരി ആശ്രമം സന്ദർശിച്ചു. വൈഎംസിഎ ഇന്ത്യ പ്രസിഡന്റ് ഡോ. ലെബി ഫിലിപ്പ് മാത്യുവും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. വൈകുന്നേരം എത്തിയ ഇരുവരെയും സ്വാമി ജ്ഞാനദത്തൻ ജ്ഞാനതപസ്വി, സ്വാമി ജനനന്മ ജ്ഞാനതപസ്വി, സ്വാമി ജ്യോതിർപ്രകാശ ജ്ഞാനതപസ്വി, സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി എന്നിവരുടെ നേതൃത്വത്തിൽ സ്വീകരിച്ചു. പ്രാർത്ഥനാലയവും പർണശാലയും സഹകരണ മന്ദിരവും സന്ദർശിച്ച ശേഷം ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിയുമായി ഇരുവരും കൂടിക്കാഴ്ച നടത്തി. ആശ്രമത്തിന്റെ ഉപഹാരം സ്വാമി സമ്മാനിച്ചു.

# ശാന്തിഗിരി ഷോപ്പിംഗ് മാളിൽ ക്രിസ്മസ് വിപണി സജീവമായി

**റിസർച്ച് സോൺ:** ക്രിസ്മസ്-പുതുവത്സര ആഘോഷങ്ങൾ അടുത്തതോടെ ശാന്തിഗിരി ഷോപ്പിംഗ് മാളിൽ ജനത്തിരക്കേറി. സമീപപ്രദേശങ്ങളിൽ നിന്നുള്ളവർക്കു പുറമെ ആശ്രമത്തിലെത്തുന്ന തീർത്ഥാടകരുടെയും ഷോപ്പിംഗ് ഡെസ്റ്റിനേഷനായിരിക്കുകയാണ് ശാന്തിഗിരി ഷോപ്പിംഗ് മാൾ. ക്രിസ്മസിനോടനുബന്ധിച്ച് കേക്കുകളുടെയും വിവിധ ഗിഫ്റ്റ് ഐറ്റംസിന്റെയും വസ്ത്രങ്ങളുടെയും കമനീയ ശേഖരം ഷോപ്പിംഗ് മാളിൽ ഒരുക്കിയിട്ടുണ്ട്. ശാന്തിഗിരി മധുരം ബേക്കറിയുടേത് ഉൾപ്പെടെയുള്ള കേക്കുകൾ ലഭ്യമാണ്. ഷർട്ടുകൾ, പാന്റ്സുകൾ, മുണ്ടുകൾ, സാരികൾ എന്നിവയുടെ ബ്രാൻഡഡ് ഉത്പന്നങ്ങൾ ശാന്തിഗിരി ഷോപ്പിംഗ് മാളിന്റെ പ്രത്യേകതയാണ്. പാർക്കർ പേനകൾ, പതഞ്ജലി ഉല്പന്നങ്ങൾ, ഓഫീസ് സ്റ്റേഷണറി ഐറ്റംസ്, ഗിഫ്റ്റ് ഐറ്റംസ് എന്നിവയും ഷോപ്പിംഗ് മാളിൽ ലഭിക്കും. പ്രത്യേക പാർക്കിംഗ് സൗകര്യവും സന്തോഷകരമായ ഷോപ്പിംഗ് അനുഭവവും ശാന്തിഗിരി ഷോപ്പിംഗ് മാളിനെ വ്യത്യസ്തമാക്കുന്നു.


Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
**Editorial Head:** Janani Divya Jnana Thapaswini **Editor:** T. Sasimohan **Senior Co-ordinating Editor:** Anil Cherthala